Friday, *the* *18th April 1947.*
5th Medam 1122.

The Council met in the Council Hall, Ernakulam, at half-past eleven of the clock with the Hon'ble President (Mr. L. M. Pylee, M.A. & B.L.) in the Chair.

Dr. S. S. Rao, Mrs. T. Francis, Mrs. Dakshayani Velayudhan, Messrs. P. V. Sebastian, P. A. Mohammed Ashrof, M. O. Thomakutty, Jos. K. Verghese, K. A. Raghavan, S. S. Koder, T. V. Kochuvarced, T. K. L. Kunhuvareed, Parambi Lonappan, K. Balakrishna Menon, A. Eachara Menon, S. P. Luiz and P. E. Warne were absent.

QUESTIONS AND ANSWERS

AUTHORISED WEIGHTS AND MEASURES—FAIR PRICE SHOPS

410. Mr. Paramel Ipe Ipe *(Kunnamkulam):* Will Government be pleased to state.—

(*a*) whether there is any order or proceedings by the Government authorising the use of weights and measures by the Government Fair Price Shops and Depots and ration shops other than those prescribed by the "Weights and Measures Act" ;

(*b*) if so, will the Government be pleased to print and place on the table a copy of the same ?

Mr. P. Govinda Menon *(Minister for Food and Education):*

(*a*) No. The use of English pound avoirdupois is authorised as per the rules under the Weights and Measures Act.

(*b*) In view of the answer to (*a*) the question does not arise.

Mr. Paramel Ipe Ipe *(Kunnamkulam):* With regard to the use of English pounds is the authorisation restricted to fair price shops and depots ?

Mr. P. Govinda Menon *(Minister for Food and Education):* That is not what I said. The question is whether under the "Weights and Measures Act", if weights and measures other than those prescribed by the Act have to be used, then there should be authorisation. The rules under the Act authorise the use of English pounds and therefore English pound is used.

Mr. Paramel Ipe Ipe *(Kunnamkulam):* That is not my question. Whether the authorisation of English pounds is restricted only to fair price shops and depots ?

Mr. P. Govinda Menon *(Minister for Food and Education):* No. Anybody can use it.

FAIR PRICE SHOPS—WEIGHTS AND MEASURES

411. Mr. Paramel Ipe Ipe *(Kunnamkulam):* Will Government be pleased to state.—

(*a*) is there a general complaint that purchasers from Fair Price Shops and ration shops are not getting the correct weights or measures of the articles they purchase ;

(*b*) if so, what has the Government done to rectify this ?

Mr. P. Govinda Menon *(Minister for Food and Education):*

(*a*) No.

(*b*) No answer is necessary in view of answer to (*a*).

Mr. Paramel Ipe Ipe (*Kunnamkulam*) : Whether the Government have verified the fact that the goods we get from the depots are generally of a lesser weight than that put on the Bill ?

Mr. P. Govinda Menon *(Minister for Food and Education):* There is a serious misapprehension in the matter. The persons who purchase sugar, jaggery, etc., from the fair price shops think that they are purchasing one Rathal which is equal to 42½ rupee weight, whereas they are purchasing only one pound which is only 38 8/9 rupee weight. Much of the complaint regarding underweight of articles purchased from the fair price shops is on account of this fact, that this matter is not clear to the purchaser. Before the fair price shops came into

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

existence we were purchasing from ordinary shops as per Rathal sugar and jaggery, etc. But in the fair price shops we are purchasing only one pound which is about 4 rupee weight less than a Rathal. That fact is not understood by several persons, and therefore there is a feeling that there is some foulplay—I do not say over and above that for some reasons some individuals may not be practising foulplay. But this is the general fact.

മിസ്സിസ് കെ. എം. ആർ. മേനോൻ: റാത്തലെന്നു പറയുന്നതു് പൌണ്ടു് എന്നതിന്റെ മലയാളപദമല്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെയാണു് സാധാരണയുള്ള ധാരണ. അതു ശരിയല്ല. റാത്തലെന്നു പറയുന്നതു് നാല്പത്തിരണ്ടര ഉറപ്പിക തൂക്കമാണു്. പൌണ്ടിനു് നവ വ്യ/ൻ ഉറപ്പിക തൂക്കമേയുള്ളു. ഇതു രണ്ടും തമ്മിൽ ഏതാണ്ടു് നാലുറപ്പിക തൂക്കത്തിന്റെ വ്യത്യാസമുണ്ടു്. പൌണ്ടു് എന്നു ഞാൻ പറഞ്ഞതു് ഇംഗ്ലീഷ് പൌണ്ടിനെപ്പറ്റിയാണു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഇംഗ്ലീഷ് റാത്തലിനാണു് പഞ്ചസാര കൊടുക്കുന്നതെന്നു ധരിച്ചിട്ടുള്ള ആളുകളിൽനിന്നുതന്നെ തൂക്കത്തിൽ വ്യത്യാസമുണ്ടെന്നുള്ള ആക്ഷേപം വന്നിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെയൊരാക്ഷേപം വന്നിട്ടുണ്ടു്. അതു വളരെ കുറവുള്ളതായിട്ടു് പരിശോധനയിൽ അറിഞ്ഞിട്ടില്ല. റാത്തലിൽനിന്നു് നാലുറപ്പിക തൂക്കം കുറവാണു്. ഇംഗ്ലീഷ് തൂക്കം. സാധാരണ ഇങ്ങനെ ഒരാക്ഷേപം ഉണ്ടെന്നു പറയുവാൻ കാരണം എന്താണെന്നുവെച്ചാൽ, പല വീടുകളിലും പഞ്ചസാര വാങ്ങിക്കൊണ്ടുപോയാൽ അളക്കുവാൻ അവരവരുടെ വീടുകളിൽ ഓരോ മെഷർ വെച്ചിട്ടുണ്ടു്. അതായതു് ഒരു റാത്തൽ പഞ്ചസാരക്കു് ഒരു അളവുപാത്രം ഉണ്ടു്. അതുകൊണ്ടാണു് അവർ അളക്കുക. ആ പാത്രം കൊണ്ടളക്കുമ്പോൾ സ്വല്പം കുറവായി കണ്ടാൽ മേടിച്ചുകൊണ്ടുവന്ന പഞ്ചസാര വളരെ കുറവാണെന്നു പറയുവാൻ അതൊരു കാരണമായി. എലിയെ പുലിയാക്കുന്നതുപോലെയാണു് ഇതിന്റെ ഫലം. അല്പം വല്ല കുറവും വന്നേക്കാമെങ്കിലും വലിയ കുറവുണ്ടാകാൻ ഒരിക്കലും ന്യായമില്ല. വീട്ടിലുള്ള സ്ത്രീകളാണു് ഇങ്ങിനെയുള്ള കുറവു കണ്ടുപിടിക്കുന്നതു്. അതു പറഞ്ഞു പറഞ്ഞു് വളരെ കുറവായിട്ടു് കൊടുക്കുന്നുവെന്നൊരു ധാരണ ആളുകൾക്കിടയിൽ ഉണ്ടായിട്ടുണ്ടു്.

മിസ്സിസ് കെ. എം. ആർ. മേനോൻ: സ്ത്രീകൾമാത്രമല്ല ഈ കുറവു കണ്ടുപിടിയ്ക്കുന്നതു്. അധികവും പുരുഷന്മാരാണു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു ശരിയാണു്. സ്ത്രീകൾ പറഞ്ഞുകൊടുക്കും. പുരുഷന്മാർ ചെയ്യും.

മിസ്സിസ് കെ. എം. ആർ. മേനോൻ: പുരുഷന്മാർ ചെയ്യുന്നതുകൊണ്ടാണു് സ്ത്രീകൾ ഇങ്ങിനെ കുറവുണ്ടെന്നു പറയുന്നതു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: പഞ്ചസാര കുറച്ചുകൊടുക്കുന്നുവെന്നുള്ള വല്ല ആക്ഷേപങ്ങളും ഉണ്ടായിട്ടുണ്ടോ; അതുവക കേസ്സുകളെപ്പറ്റി എൻകയറി നടത്തിയിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പഞ്ചസാര കുറച്ചുകൊടുക്കുന്നുവെന്നുള്ള ആക്ഷേപം ഉണ്ടായിട്ടുണ്ടു്. അതിനെ സംബന്ധിച്ചു് കേസ്സുകൾ ഉണ്ടായിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. നോട്ടീസുവേണം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: നവ വ്യ/ൻ ഉറപ്പിക തൂക്കം ഒരു റാത്തലായി കണക്കാക്കി കൊടുക്കണമെന്നുള്ളതിനു് നിയമപ്രകാരം അധികാരപ്പെടുത്തീട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അതു് എന്തു വഴിക്കാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടിഫിക്കേഷൻപ്രകാരം ഇംഗ്ലീഷ് തൂക്കം ഉപയോഗിക്കാം. ഫിക്സ്ഡ്പ്പാട്ടമെണ്ടു് തീർപ്പായാക്കിയതാണു് ഇംഗ്ലീഷ് പൌണ്ടു് ഉപയോഗിക്കണം എന്നു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: നാലുറപ്പിക തൂക്കം കുറച്ചേ കൊടുക്കുവാൻ പാടുള്ളുവെന്നു ഫിക്സ്ഡ്പ്പാട്ടമെണ്ടിൽനിന്നു തീരുമാനിച്ചതിനു വല്ല പ്രത്യേക കാരണവുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വില നിശ്ചയിച്ചിട്ടുള്ളതു് ന്യൂ വ്യ/ൻ ഉറപ്പിക തൂക്കത്തിനാണു്. പുറംപ്രദേശങ്ങളിൽനിന്നും വരുന്ന ഈവക സാധനങ്ങളെല്ലാം ആ കണക്കിനാണു് ഇവിടെ വരുന്നതു്. അവിടെയുള്ള കണക്കുകളെല്ലാം ഇംഗ്ലീഷ് തൂക്കത്തെ അനുസരിച്ചായതുകൊണ്ടു് കണക്കുകൾ ശരിപ്പെടുന്നതിനുകൂടിയും നിശ്ചയിച്ചതാണു് ഇംഗ്ലീഷ് പൌണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ന്യൂ വ്യ/ൻ ഉറപ്പിക തൂക്കത്തിനുള്ള വില മാത്രമെ നിശ്ചയിച്ചിട്ടുള്ളുവെന്നു പറഞ്ഞില്ലെ. അപ്പോൾ ൪൬½ ഉറപ്പിക തൂക്കത്തിനുള്ള വില ആ തോതനുസരിച്ചു കണക്കാക്കി പഞ്ചസാര കൊടുക്കുന്നതിനു് എന്താണു് വിരോധം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നാല്പത്തിരണ്ടരയല്ല നാല്പത്തിയഞ്ചുറപ്പികതൂക്കം കൊടുത്താലും തെറ്റൊന്നുമില്ല. ഇപ്പോൾ റാത്തൽ ഉണ്ടു്, പൌണ്ടു് ഉണ്ടു്, ഇനി പോത്തൽ എന്നൊന്നു വെച്ചാലും തെറ്റില്ല. പോത്തൽ എന്നൊരു തൂക്കം വെച്ചാൽ എന്താണു് തെറ്റു്?

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: പോത്തൽ തൂക്കമുണ്ടോ എന്നല്ല ചോദിച്ചതു്. അതു് പോത്തന്മാരുടെ കാലത്തേ ഉണ്ടാകയുള്ളു. ഞാൻ ചോദിച്ചതു് പഞ്ചസാര വില്ക്കുന്നതു് വില എത്രയായാലും ഉറപ്പികതൂക്കത്തിന്റെ ശതമാനം അനുസരിച്ചു് ൪൬½ ഉറപ്പിക തൂക്കത്തിനുള്ള വില നിശ്ചയിച്ചാൽ അത്രയെങ്കിലും പഞ്ചസാര കൂടുതൽ കിട്ടുവാൻ മാർഗ്ഗമില്ലേ? അതുകൊണ്ടു് പഞ്ചസാരയെങ്കിലും റാത്തൽ കണക്കിനു വില നിശ്ചയിച്ചു് കൊടുക്കുവാൻ ഏർപ്പാടുചെയ്യാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനു കുറച്ചു ബുദ്ധിമുട്ടുണ്ടു്. ഇപ്പോൾ പൌണ്ടായിട്ടാണു് കൊടുക്കുന്നതു്. റാത്തലായിട്ടു കൊടുക്കുവാനുള്ള യാതൊരു കാരണവും കാണുന്നില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: പഞ്ചസാര വളരെ കുറച്ചേ കിട്ടുന്നുള്ളു എന്നുള്ള ആക്ഷേപമുള്ളതുകൊണ്ടു് റാത്തലാക്കിയാൽ നാലുറപ്പിക തൂക്കം പഞ്ചസാരയെങ്കിലും കൂടുതൽ കിട്ടുവാൻ സാധിക്കുകയില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: റാത്തലായിട്ടു കൊടുക്കണമെങ്കിൽ റേഷനും ആ കണക്കിനു കുറയും.

മിസ്റ്റർ പാറമേൽ ഐപ്പ് ഐപ്പ്: ന്യൂ വ്യ/ൻ ഉറപ്പിക തൂക്കമുള്ള ഒരു പൌണ്ടു് കട്ടിയൊ റാത്തൽ കട്ടിയോ വെയിറ്റ്സ് ആൻറ് മെഷേഴ്സ് ആക്ട് പ്രകാരം ഒരു താലൂക്കിലുള്ള വാർഡന്റെ അടുക്കൽനിന്നും ഒരു കച്ചവടക്കാരനു സ്റ്റാമ്പ് ചെയ്തുകൊടുക്കുവാൻ ഏർപ്പാടു ചെയ്യാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനെപ്പറ്റി സൂക്ഷ്മമായി പറയണമെങ്കിൽ നോട്ടീസുവേണം.

മിസ്റ്റർ പാറമേൽ ഐപ്പ് ഐപ്പ്: ഒരു സാധാരണക്കാരനു ന്യൂ വ്യ/ൻ ഉറപ്പിക തൂക്കത്തിനു് വില്ക്കുവാനുള്ള അധികാരമില്ല. റാത്തൽ തൂക്കത്തിനെ അനുവദിച്ചിട്ടുള്ളു. അതുകൊണ്ടു് വെയിറ്റ്സ് ആൻറ് മെഷേഴ്സ് ആക്ട് പ്രകാരം ഒരു താലൂക്ക വാർഡന്റെ അടുക്കൽ പോയാൽ അയാൾ ന്യൂ വ്യ/ൻ ഉറപ്പിക തൂക്കത്തിനുള്ള കട്ടി സ്റ്റാമ്പ് ചെയ്തു കൊടുക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഫ്യൂസ് സാധനങ്ങൾ വില്ക്കുന്ന സകല കാപ്പുകളിലും ഇംഗ്ലീഷ് പൌണ്ടാണു് ഉപയോഗിക്കുന്നതു്. അതിൽ എന്തെങ്കിലും വ്യത്യാസമുണ്ടെന്നു കാണുന്നപക്ഷം വേണ്ടതു ചെയ്യാം.

മിസ്റ്റർ പാറമേൽ ഐപ്പ് ഐപ്പ്: എന്റെ ചോദ്യം അതല്ല. എല്ലാവർക്കും ന്യൂ വ്യ/ൻ ഉറപ്പിക തൂക്കം ഉപയോഗിക്കുവാൻ വാർഡനെക്കൊണ്ടു സ്റ്റാമ്പ് ചെയ്യിച്ചു് എല്ലാ കച്ചവടക്കാരേയും ആ തൂക്കത്തിനു വില്പന നടത്തുവാൻ അനുവദിച്ചുകൂടെ എന്നാണു് ഞാൻ ചോദിക്കുന്നതു്.

Rao Sahib A. Madhava Prabhu *(Chief Secretary to Government):* There is the intention to supply all persons, all the traders in the State with this pound weight and replace Rathal. But, the number of weights small and big that will be necessary to issue to the merchants this new weight the pound weight and take back Rathal is so large that it is difficult to get it manufactured in these days. In addition to that, we must supply to the Taluk Offices, standard weights.

LIBRARY ARCHIVES Kerala Legislative Assembly

[Rao Sahib A. Madhava Prabhu]

weights by which they can standardise the weights and stamp them saying that they are correct. we have got one set of weights from Bombay Mints in the Diwan Peishkar's Office, which are exact to the pound, sub-multiples and multiples of the pound. We are trying to get 6 more sets to be supplied to other taluks. For the last 1½ years we have been trying to get them, but on account of the difficulty of getting the particular kind of metal of the standard weight, we are not able to get it. The moment we are able to get these things, we will supply it to the taluk offices. And also the required number of weights to be supplied to all the merchants. The moment that is done, a law will be promulgated here that Rathal will be taken away and pound will be substituted. Then, there is another thing also. The Government of India have brought forward a legislation by which they are going to standardise weights. As soon as that measure is brought in, another decimalisation of weights is wanted and not this particular kind. That is still pending. Whether we should adopt the decimalisation of weights or the 38 8/9 pound is again to be settled. We want as far as possible to be unanimous in the use of these weights since the world over is using this standard for all transactions.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: When do the Government expect such a measure? In a quarter of a century?

Rao Sahib A. Madhava Prabhu *(Chief Secretary to Government)*: I do not think that so much time is necessary. But it depends on when we are able to get the particular kind of metal and the quantity that is required and also when the Government of India adopts a unanimous measure whether it is decimalisation system or other system.

Mr. Paramel Ipe Ipe *(Kunnamkulam)*: If I am allowed to make a statement, I shall be thankful.

Mr. President: Yes, you may make a statement.

Mr. Paramel Ipe Ipe *(Kunnamkulam)*: Regarding the difficulty to get standard weights to the English pound is not an answer for not supplying the standard weights because under the Weights and Measures Act there is no rule saying that the particular weights and measures must be purchased from Taluk Offices. Even if you take a block of lead or iron and verify, it can be certified and it can be used and every two years this will have to be verified. Even though a particular weight is exact weight, even then there should be certification within 2 years they are prescribed. So there is no difficulty in doing that. My only suggestion is that there should be freedom of using that weight as the Fair Price Shops use it.

BRIDGES—PALLIPURAM VILLAGE—REPAIRS TO

412. മിസ്റ്റർ കെ. എ. രാഘവൻ: താഴെ എഴുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) പള്ളിപ്പുറം പഞ്ചായത്തുത്തിയിൽപെട്ട രണ്ടു പാലങ്ങൾക്ക് സാരമായ കേടുപാടുകൾ സംഭവിച്ചുതായി വല്ല റിപ്പോർട്ടും ഗവൺമെണ്ടിലേക്ക ലഭിച്ചിട്ടുണ്ടോ;

(ബി) കഴിയുന്നതും വേഗത്തിൽ പ്രസ്തുത പാലങ്ങളുടെ കേടുപാടുകൾ തീർക്കുവാൻ ഒരുവുണ്ടാക്കുമോ?

റാവു ബഹാദൂർ ടി. കെ. നായർ:

(എ) ഉണ്ട്.

(ബി) പണികൾ താമസിയാതെ തീർക്കുന്നതാണ്.

ASSIGNMENT OF LANDS FREE OF TAX—PARTICULARS OF

413. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) കരം ഒഴിവായി ഏതെങ്കിലും വ്യക്തികൾക്കൊ ധർമ്മസ്ഥാപനങ്ങൾക്കൊ ദേവാലയങ്ങൾക്കൊ ഗവൺമെണ്ടിൽനിന്നു ഭൂമികൾ സൌജന്യമായി പതിച്ചു കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ദേവാലയങ്ങൾക്കുമാണ്;

(സി) അങ്ങിനെ കൊടുത്തിട്ടുള്ളതിനു കാരണം പറയാമൊ?

മിസ്റ്റർ സി. ഇ. ഇയ്യുണ്ണി:

(എ), (ബി) & (സി) ചോദ്യം വളരെ സാമാന്യമായിട്ടുള്ളതും, പ്രത്യേകമായ ഒരു കാലത്തേക്കുമാത്രമായിട്ടുള്ളതല്ലാത്തതുമാകുന്നു. ഈ ചോദ്യത്തിനു മറുപടി നൽകുന്നതിലേക്കായി വിവരങ്ങൾ ശേഖരിക്കുന്നതിനു ചിലവിടേണ്ടുന്ന സമയവും അദ്ധ്വാനവും അതുകൊ

LIBRARY ARCHIVES Kerala Legislative Assembly